# XIV ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്

| ക്രമ നം | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | നിരക്ക് | | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി |
|---|---|---|---|---|---|
| | | APL | BPL | | |
| **1** | **LABORATORY SERVICES** | | | | |
| **1.A** | **HEMATOLOGY** | | | | |
| 1 | HEMOGLOBIN (HB) | 10 | 5 | | |
| 2 | TOTAL COUNT (TC) | 10 | 5 | | |
| 3 | DIFFERENTIAL COUNT (DC) | 10 | 5 | | |
| 4 | ESR | 20 | 10 | | |
| 5 | PLATELET COUNT (PLC) | 20 | 10 | | |
| 6 | PACKED CELL VOLUME (PCV) | 20 | 10 | | |
| 7 | AEC | 40 | 20 | | |
| 8 | BLEEDING TIME (BT) | 10 | 5 | | |
| 9 | CLOTTING TIME (CT) | 10 | 5 | | |
| 10 | COMPLETE BLOOD COUNT (CBC) | 85 | 40 | | |
| 11 | BLOOD R /E | 105 | 50 | | |
| 12 | BLOOD GROUPING & RH TYPING | 20 | 10 | | |
| 13 | MALARIA PARASITE | FREE | FREE | | |
| 14 | FILARIA | FREE | FREE | | |
| **1.B** | **URINE ANALYSIS** | | | | |
| 1 | ALBUMIN | 5 | 5 | | |
| 2 | SUGAR | 5 | 5 | | |
| 3 | MICROSCOPY | 10 | 5 | | |
| 4 | URINE RE | 20 | 10 | | |
| 5 | ACETONE | 10 | 5 | | |
| 6 | BILE SALT | 5 | 5 | | |
| 7 | BILE PIGMENT | 5 | 5 | | |

| | | | | | |
|---|---|---|---|---|---|
| 8 | UPT | 40 | 20 | | |
| 9 | STOOL RE | 20 | 10 | | |
| 10 | OCCULT BLOOD | 20 | 10 | | |
| **1.C** | **ELISA** | | | | |
| 1 | DENGUE NS1 ELISA | FREE | FREE | | |
| 2 | DENGUE IgM ELISA | FREE | FREE | | |
| 3 | SCRUB ELISA | FREE | FREE | | |
| 4 | HAV ELISA/I | FREE | FREE | | |
| 5 | LEPTO ELISA | FREE | FREE | | |
| | | | | | |
| **1.D** | **BIOCHEMISTRY** | | | | |
| 1 | BLOOD SUGAR | 15 | 10 | | |
| 2 | OGTT | 15 | 10 | | |
| 3 | OGCT | 15 | 10 | | |
| 4 | LIPID PROFILE | 230 | 60 | | |
| 5 | CHOLESTROL | 30 | 20 | | |
| 6 | TRIGLYCERIDE | 75 | 40 | | |
| 7 | HDL | 75 | 40 | | |
| 8 | LDL | 50 | 30 | | |
| 9 | VLDL | 25 | 20 | | |
| 10 | RENAL FUNCTIONING | 100 | 50 | | |
| 11 | UREA | 50 | 30 | | |
| 12 | CREATININE | 50 | 30 | | |
| 13 | URIC ACID | 50 | 30 | | |
| 14 | LIVER FUNCTIONING TEST | 230 | 60 | | |
| 15 | BILIRUBIN T | 30 | 20 | | |
| 16 | BILIRUBIN D | 30 | 20 | | |
| 17 | SGOT | 50 | 30 | | |
| 18 | SGPT | 50 | 30 | | |
| 19 | ALP | 50 | 30 | | |

| | | | | | |
|---|---|---|---|---|---|
| 20 | TOTAL PROTEIN | 25 | 20 | | |
| 21 | ALBUMIN | 25 | 20 | | |
| 22 | CALCIUM | 80 | 40 | | |
| 23 | PHOSPHOROUS | 80 | 40 | | |
| 24 | SERUM ELECTROLYTE | 80 | 40 | | |
| 25 | HBAIC | 200 | 200 | | |
| 26 | ABG | 450 | 450 | | |
| **1.E** | **COAGULATION** | | | | |
| 1 | PT INR | 60 | 60 | | |
| 2 | APTT | 60 | 60 | | |
| 3 | D DIMER | 250 | 250 | | |
| **1.F** | **SEROLOGY** | | | | |
| 1 | HBsAg | 50 | 30 | | |
| 2 | HCV | 70 | 40 | | |
| 3 | VDRL | 30 | 20 | | |
| 4 | WIDAL | 40 | 20 | | |
| 5 | DENGUE NSI | 150 | 150 | | |
| 6 | DENGUE IgM | 150 | 150 | | |
| 7 | LEPTO | 150 | 150 | | |
| 8 | HAV | 150 | 150 | | |
| 9 | HEV | 150 | 150 | | |
| 10 | RA | 50 | 30 | | |
| 11 | CRP | 50 | 30 | | |
| 12 | FERRITIN | 250 | 250 | | |
| 13 | TROP I | 300 | 300 | | |
| 14 | TROP T | 500 | 500 | | |
| **1.G** | **HORMONES** | | | | |
| 1 | FT3 | 150 | 150 | | |
| 2 | FT4 | 150 | 150 | | |
| 3 | TSH | 100 | 100 | | |

| | | | | | |
|---|---|---|---|---|---|
| 4 | VITAMIN D | 600 | 600 | | |
| **1.H** | **CBNAAT** | | | | |
| 1 | NTEP(SPUTUM) | FREE | FREE | | |
| **1.I** | **SCHEMES** | | | | |
| 1 | KASP | FREE | FREE | | |
| 2 | JSSK | FREE | FREE | | |
| 3 | ST | FREE | FREE | | |
| 4 | AK | FREE | FREE | | |
| 5 | ENDOSULPAN | FREE | FREE | | |
| 6 | DBCS | FREE | FREE | | |
| 7 | MEDISEP | FREE | FREE | | |
| 8 | AAY | FREE | FREE | | |
| 9 | DIALYSIS | FREE | FREE | | |
| 10 | CANCER PATIENTS | FREE | FREE | | |
| 11 | LAPROSCOPY | FREE | FREE | | |
| 12 | VASECTOMY | FREE | FREE | | |
| 13 | LEPROSY | FREE | FREE | | |
| 14 | MLC / PRISONER | FREE | FREE | | |
| 15 | PALLIATIVE | FREE | FREE | | |
| 16 | HAEMOPHILIA | FREE | FREE | | |
| 17 | THALASSEMIA | FREE | FREE | | |
| | | | | | |
| **2** | **RADIOLOGY & IMAGING** | | | | |
| 2.1 | X RAY (24 Hrs) | 100 | 30 | | |
| 2.2 | CT HEAD PLAIN | 900 | 600 | | |
| 2.3 | CT HEAD + PNS | 1800 | 1200 | | |
| 2.4 | CT PNS | 900 | 600 | | |
| 2.5 | CT HEAD AND ORBIT | 1300 | 900 | | |
| 2.6 | CT ORBIT PLAIN | 1000 | 700 | | |
| 2.7 | HRCT TEMPORAL BONE/FACIAL BONE | 1300 | 800 | | |

| | | | | | |
|---|---|---|---|---|---|
| 2.8 | CT ABDOMEN + PELVIS | 2000 | 1600 | | |
| 2.9 | CT PELVIS/HIP JOINT | 2000 | 1400 | | |
| 2.10 | CT KUB | 1700 | 1300 | | |
| 2.11 | CT NECK | 1600 | 1200 | | |
| 2.12 | CT CHEST/ THORAX / CECT THORAX | 1600 | 1200 | | |
| 2.13 | HRCT THORAX | 1900 | 1400 | | |
| 2.14 | CT C SPINE / CT T SPINE | 1500 | 1100 | | |
| 2.15 | CT DL SPINE | 1500 | 1100 | | |
| 2.16 | CT LS SPINE | 1500 | 1100 | | |
| 2.17 | CT WHOLE SPINE | 4500 | 3600 | | |
| 2.18 | CT THORAX+ABDOMEN + PELVIS | 3600 | 2800 | | |
| 2.19 | CT MANDABILE/WRIST/KNEE/SHOULDER/ ANKLE/FOOT/ELBOW/TM | 1300 | 800 | | |
| 2.20 | CT TRIPPLE PHASE | 2400 | 2000 | | |
| 2.21 | CT N + TAP | 5200 | 4000 | | |
| 2.22 | MAMMOGRAM DOUBLE | 900 | 700 | | |
| 2.23 | MAMMOGRAM SINGLE | 450 | 350 | | |
| 2.24 | CT UROGRAM | 3300 | 2600 | | |
| 2.25 | CT ANGIOGRAM | 3600 | 2900 | | |
| 2.26 | CT BIOPSY | 3600 | 2900 | | |
| 2.27 | CT ADENOID | 1600 | 1200 | | |
| 2.28 | CHARGE PER SLICE | 50 | 50 | | |
| 2.29 | DENTAL X RAY | 30 | 30 | | |
| | | | | | |
| 3 | **CATHLAB & CCU** | | | | |
| 3.1 | ECHO | 800 | 600 | | |
| 3.2 | TMT | 800 | 600 | | |
| 3.3 | HOLTER MONITORING | 850 | 850 | | |
| 3.4 | ANGIOGRAM | 5000 | 5000 | | |

| | | | | | |
|---|---|---|---|---|---|
| 3.5 | FFR | 36000 | 36000 | | |
| 3.6 | IVUS | 63000 | 63000 | | |
| 3.7 | TPI | 19200 | 19200 | | |
| 3.8 | PACEMAKER (SINGLE CHAMBER) | 69500 | 69500 | | |
| 3.9 | PACEMAKER (DOUBLE CHAMBER) | 140000 | 140000 | | |
| 3.10 | ICD | 350000 | 350000 | | |
| 3.11 | CRTD | 310000 | 310000 | | |
| 3.12 | PERICARDIOCENTESIS | 12100 | 12100 | | |
| 3.13 | ANGIOPLASTY | | | | |
| 3.14 | POBA | 10000 | 10000 | | |
| 3.15 | PTCA + 1 STENT | 72200 | 72200 | | |
| 3.16 | PTCA + 2 STENT | 103800 | 103800 | | |
| 3.17 | PTCA + 3 STENT | 135400 | 135400 | | |
| 3.18 | PERIPHERAL ANGIOGRAM | 5000 | 5000 | | |
| 3.19 | PERIPHERAL ANGIOPLASTY | 55500 | 55500 | | |
| | | | | | |
| **4** | **EYE REFRACTION** | FREE | FREE | | |
| **5** | AUDIOLOGY & SPEECH THERAPY | 60 | FREE | | |
| **6** | PHARMACY – 24 Hrs | FREE | FREE | | |
| **7** | BLOOD BANK – 24 Hrs | 500 | 250 | | |
| 7.1 | BLOOD COMPONENT SEPERATION – 24 Hrs | | | | |
| **8** | DIALYSIS UNIT – 7.30 AM TO 9 PM | | | | |
| **9** | ONCOLOGY & CHEMOTHERAPY UNIT | | | | |
| **10** | PALLIATIVE CARE | | | | |
| 10.1 | PALLIATIVE OP SERVICES | | | | |
| 10.2 | PALLIATIVE HOME CARE | | | | |
| 10.3 | BCCPN COURSE FOR NURSES | | | | |
| **11** | ECG (24 Hrs) | | | | |
| **12** | IP | | | | |

| | | | | | |
|---|---|---|---|---|---|
| **13** | **SURGERIES & PROCEDURES** | | | | |
| 13.1 | MINOR SURGERY | 100 | 50 | | |
| 13.2 | MAJOR SURGERY | 200 | 100 | | |
| 13.3 | MINOR PROCEDURE | 50 | 10 | | |
| 13.4 | POP | 50 | 10 | | |
| 13.5 | SUTURING (MAJOR)/ STAPLERING | 30 | 10 | | |
| 13.6 | STAPLER REMOVAL | 30 | 10 | | |
| 13.7 | FNAC | 100 | 20 | | |
| **14** | OP SERVICES | | | | |
| 14.1 | GENERAL OP | | | | |
| 14.2 | EVENING OP | | | | |
| **15** | SPECIALITY OP SERVICES | | | | |
| 15.1 | GENERAL MEDICINE | | | | |
| 15.2 | GENERAL SURGERY | | | | |
| 15.3 | ORTHOPAEDICS | | | | |
| 15.4 | ENT | | | | |
| 15.5 | PHYSICAL MEDICINE & REHABILITATION | | | | |
| 15.6 | PAEDIATRICS | | | | |
| 15.7 | GYNECOLOGY | | | | |
| 15.8 | OPHTHALMOLOGY | | | | |
| 15.9 | CHEST | | | | |
| 15.10 | DERMATOLOGY | | | | |
| 15.11 | PSYCHIATRY | | | | |
| 15.12 | ONCOLOGY OP | | | | |
| 15.13 | DENTAL | | | | |
| 15.14 | CLINICAL PSYCHOLOGY | | | | |
| **16** | SUPER SPECIALITY OP SERVICES | | | | |
| 16.1 | CARDIOLOGY | | | | |
| 16.2 | NEUROLOGY | | | | |

| | | | | | |
|---|---|---|---|---|---|
| **17** | EEG | 500 | 300 | | |
| **18** | DISTRICT EARLY INTERVENTION CENTRE | | | | |
| **19** | AMBULANCE SERVICES (24 Hrs) | | | | |
| **20** | RNTCP-DOTS CENTRE – (9 AM – 4 PM) | | | | |
| **21** | LEPROSY CLINIC | | | | |
| **22** | POSTMORTEM SERVICE ( 8 AM – 4 PM) | | | | |
| **23** | STERILIZATION | | | | |
| **24** | PHYSIOTHERAPY UNIT (8 AM - 1PM) | | | | |
| **25** | ACR LAB | | | | |
| **26** | KHRWS PAYWARD | | | | |
| **27** | **തിമിര ശസ്ത്രക്രിയ** | | | | |
| **28** | **ഐ സി ടി സി** | | | | |
| 28.1 | ജ്യോതിസ് (എച്ച് ഐ വി കൗൺസിലിംഗ് & ടെസ്റ്റിംഗ് സെന്റർ) (രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ) | | | | |
| 28.2 | പുലരി (ലൈംഗികരോഗ നിവാരണ ക്ലിനിക്) (രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ) | | | | |
| **29** | **കുടുംബാസൂത്രണ വിഭാഗം (പി പി യൂണിറ്റ്)** | | | | |
| 29.1 | പ്രതിരോധ കുത്തിവെപ്പ് (തിങ്കൾ ,ബുധൻ ,ശനി രാവിലെ 9 മണി മുതൽ 1 മണിവരെ) | | | | |
| 29.2 | സ്ത്രീ വന്ധ്യംകരണ ശസ്ത്രക്രിയ (മൂന്നാമത്തെ വെള്ളി) | | | | |
| 29.3 | പുരുഷ വന്ധ്യംകരണ ശസ്ത്രക്രിയ (മൂന്നാമത്തെ വ്യാഴം) | | | | |
| 29.4 | ദേശീയ ക്ഷയരോഗ നിർമാർജന പരിപാടി | | | | |

| | | | | | |
|---|---|---|---|---|---|
| 29.5 | ദേശീയ കുഷ്ഠരോഗ നിർമാർജന പരിപാടി | | | | |
| **30** | **സഞ്ചരിക്കുന്ന നേത്രരോഗ വിഭാഗം** | | | | |
| **31** | **കൗമാര ആരോഗ്യ സൗഹൃദ സെന്റർ** | | | | |
| **32** | **ലിംഗാധിഷ്ഠിത അതിക്രമ മാനേജ്മെന്റ് കേന്ദ്രം (ഭൂമിക)** | | | | |
| **33** | **ഭിന്നശേഷി മെഡിക്കൽ ബോർഡ്** (രണ്ടാമത്തെയും നാലാമത്തെയും ബുധനാഴ്ച) | | | | |
| **34** | **ടൈപ്പ് 1 ഡയബറ്റിസ് ക്ലിനിക് (മിട്ടായി ക്ലിനിക്)** (രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ച) | | | | |
| **35** | **ആശാധാരാ പദ്ധതി** (ഹീമോഫിലിയ, തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സൗജന്യ ചികിത്സ) | | | | |

# പൗരാവകാശ രേഖ
# (Citizen Charter)

## ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) കാസറഗോഡ്

**Mission / ദൗത്യം**

എല്ലാ വ്യക്തികൾക്കും വിവേചനമില്ലാതെ ഗുണമേന്മയുള്ള കാര്യക്ഷമമായ ആരോഗ്യ സേവനങ്ങൾ ഉറപ്പു വരുത്താനായുള്ള ഇടപെടലുകൾ നടത്തുക. കൂടാതെ കാസർഗോഡ് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതികൾ നടപ്പിലാക്കുക.

**Vision / വീക്ഷണം**

ജനക്ഷേമപരമായ ഇടപെടലുകളും സഹൃദ അന്തരീക്ഷവും സൃഷ്ടിക്കുകവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുക.

**Quality policy / ഗുണനിലവാരനയം**

നിരന്തര പരിശീലനങ്ങളിലൂടെയും കൃത്യമായ സൂപ്പർവിഷനിലൂടെയും ജനകീയമായ ഇടപെടൽ നടത്തി മികച്ച സേവനം നൽകുന്നതിനായി കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എന്നും പ്രതിജ്ഞാബദ്ധമാണ്. പൊതുജനങ്ങളുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം കേട്ടു നിയമവിധേയമായ കാര്യങ്ങൾ വേഗത്തിലും ഗുണമേന്മയോടു കൂടിയും ചെയ്തു കൊടുക്കാൻ എന്നും പരിശ്രമിക്കും.

**Grievance Redressal mechanism / പരാതി പരിഹാര സംവിധാനം**

ഓഫീസിനെ സംബന്ധിച്ചിട്ടുള്ള നിർദേശങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള നിർദേശ പെട്ടികളിൽ നിക്ഷേപിക്കാവുന്നതാണ്. നിർദേശങ്ങൾ, പരാതികൾ എന്നിവ പരിശോധിച്ച് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**Timing /സമയം**

ഓഫീസ് സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ആയിരിക്കും

ഫോൺ: 04672203118

ഇമെയിൽ: dmohksd@gmail.com

## ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമ നമ്പ ർ | സേവനം | കാലാവ ധി | നിയുക്ത ഉദ്യാഗ സ്ഥൻ | ഒന്നാം അപ്പ ീൽ അധി കാരി | രണ്ടാം അ പ്പീൽ അധ ികാരി |
|---|---|---|---|---|---|
| 1 | ഭിന്നശേഷിക്കാർ ക്കുള്ള സർട്ടിഫി ക്കറ്റ് (മെഡിക്കൽ ബോർഡ്) | 1 | സൂപ്രണ്ട് ,കാഞ് ഞങ്ങാട് ജില്ലാ ആശുപത്രി ,കാ സറഗോഡ് ജനറ ൽ ആശുപത്രി | ജില്ലാ മെഡി ക്കൽ ഓഫീ സർ (ആരോ ഗ്യം) | അഡീഷ ണൽ ഡിറ ക്ടറേറ്റ് ഓ ഫ് ഹെൽ ത്ത് (മെഡ ിക്കൽ ) |
| 2 | ഡി ആൻഡ് ഓ ട്രേഡ് | സ്ഥല പ രിശോധ നക്ക് ശ േഷം | ഹെൽത്ത് ഇൻ സ്പെക്ടർ | ടെക്നിക്ക ൽ അസിറ്റന ്റ് | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം) |

| | | | | | |
|---|---|---|---|---|---|
| 3 | ഡി ആൻഡ് ഓ ട്രേഡ് സംബന്ധി ച്ച് എൻ ഓ സി യും പബ്ലിക് ഹെ ൽത്ത് നൂയിസൻ സ് സംബന്ധിച്ചു ള്ള പരാതികളും | 45 | അഡിഷണൽ ജ ില്ലാ മെഡിക്ക ൽ ഓഫീസർ(എ ) | ജില്ലാ മെഡി ക്കൽ ഓഫീ സർ (ആരോ ഗ്യം) | ആരോഗ്യ വകുപ്പ് ഡ യറക്ടർ |
| 4 | മെഡിക്കൽ ബോ ർഡ് സർട്ടിഫിക്ക റ്റ് | 45 | അഡിഷണൽ ജ ില്ലാ മെഡിക്ക ൽ ഓഫീസർ(ബ ി ) | ജില്ലാ മെഡി ക്കൽ ഓഫീ സർ (ആരോ ഗ്യം) | ആരോഗ്യ വകുപ്പ് ഡ യറക്ടർ |
| 5 | പി എൻ ഡി ടി ര െജിസ്ട്രേഷൻ | 90 | ജില്ലാ ആർ സി എച്ച് ഓഫീസർ | ജില്ലാ മെഡി ക്കൽ ഓഫീ സർ (ആരോ ഗ്യം | ആരോഗ്യ വകുപ്പ് ഡ യറക്ടർ |
| 6 | മെഡിക്കൽ സർട്ട ിഫിക്കറ്റ് | 30 | ജൂനിയർ അഡ്മി നിസ്ട്രേറ്റീവ് മെ ഡിക്കൽ ഓഫീ സർ | ഡെപ്യൂട്ടി ജ ില്ലാ മെഡി ക്കൽ ഓഫീ സർ | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം |

| | | | | | |
|---|---|---|---|---|---|
| 7 | മെഷിനറി യൂനിറ്റ ിനുള്ള എൻ ഓ സി | 30 | ജൂനിയർ അഡ്മി നിസ്ട്രേറ്റീവ് മെ ഡിക്കൽ ഓഫീ സർ | ഡെപ്യൂട്ടി ജ ില്ലാ മെഡി ക്കൽ ഓഫീ സർ | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം |
| 8 | സ്റ്റെറിലൈസേഷ ൻ സെർട്ടിഫിക്കറ്റ ിനുള്ള മേലൊ പ്പ് | 30 | ജൂനിയർ അഡ്മി നിസ്ട്രേറ്റീവ് മെ ഡിക്കൽ ഓഫീ സർ | ഡെപ്യൂട്ടി ജ ില്ലാ മെഡി ക്കൽ ഓഫീ സർ | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം |
| 9 | പി എൻ ഡി ടി നിയമപ്രകാരമുള് ള സർട്ടിഫിക്കറ്റ് | 30 | ജൂനിയർ അഡ്മി നിസ്ട്രേറ്റീവ് മെ ഡിക്കൽ ഓഫീ സർ | ഡെപ്യൂട്ടി ജ ില്ലാ മെഡി ക്കൽ ഓഫീ സർ | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം |
| 10 | ചികിത്സ ചെലവ് പ്രതിപൂരണം ചെ യ്യുന്നതിനുള്ള അ പേക്ഷയുടെ പരി ശോധന | 30 | ജൂനിയർ അഡ്മി നിസ്ട്രേറ്റീവ് മെ ഡിക്കൽ ഓഫീ സർ | ഡെപ്യൂട്ടി ജ ില്ലാ മെഡി ക്കൽ ഓഫീ സർ | ജില്ലാ മെ ഡിക്കൽ ഓഫീസർ (ആരോഗ്യ ം |

| | | | | | |
|---|---|---|---|---|---|
| 11 | ഡിസബിലിറ്റി സർട്ടിഫിക്കറ്റ് | 14 | ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ | അഡീഷണൽ ഡിറക്ടറേറ്റ് ഓഫ് ഹെൽത്ത് (മെഡിക്കൽ ) |
| 12 | വൂണ്ട് സർട്ടിഫിക്കറ്റ് | 14 | ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ | അഡീഷണൽ ഡിറക്ടറേറ്റ് ഓഫ് ഹെൽത്ത് (മെഡിക്കൽ ) |
| 13 | പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് | 14 | ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ | അഡീഷണൽ ഡിറക്ടറേറ്റ് ഓഫ് ഹെൽത്ത് (മെഡിക്കൽ ) |
| 14 | പൊട്ടൻസി സർട്ടിഫിക്കറ്റ് | 14 | ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ | അഡീഷണൽ ഡിറക്ടറേറ്റ് ഓഫ് ഹെൽത്ത് (മെഡിക്കൽ ) |

# XV ജില്ലാ ആയുർവ്വേദ ആശുപത്രി, പടന്നക്കാട്

ഹൈവേയിൽ നിന്ന് പടന്നക്കാട് നെഹ്റു കോളേജിന് വടക്ക ഭാഗത്ത് കൂടി പോകുന്ന റോഡിലൂടെ 200 മീറ്റർ ദൂരം സഞ്ചരിച്ചാൽ ആശുപത്രിയിൽ എത്തിച്ചേരുന്നതാണ്.

**ആശുപത്രിയിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ തസ്തികകൾ**

| | |
|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ | – 1 |
| സീനിയർമെഡിക്കൽ ഓഫീസർ | – 2 |
| മെഡിക്കൽ ഓഫീസർ | – 3 |
| NAM മെഡിക്കൽ ഓഫീസർ | – 4 |
| NHM മെഡിക്കൽ ഓഫീസർ | – 2 |

**ഒ. പി. വിഭാഗം**

എല്ലാ ദിവസവും (ഞായറാഴ്ചകളിലും ) രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കുന്നതാണ്. 5 ദിവസത്തേക്ക് ഉള്ള മരുന്നാണ് ഒ. പി യിൽ നിന്ന് രോഗികൾക്ക് നൽകുന്നത്.

| | |
|---|---|
| ഒ. പി. ടിക്കറ്റ് | – 10 രൂപ |
| ഐ. പി. അഡ്മിഷൻ | – 10 രൂപ |

**ഒ. പി. വിഭാഗങ്ങൾ**

ജനറൽ വിഭാഗത്തിനു പുറമേ മർമ്മ ചികിത്സാ വിഭാഗം, ശിശുരോഗവിഭാഗം, മാനസികരോഗ വിഭാഗം, ജീവിതശൈലീ രോഗം, പാലിയേറ്റീവ് വിഭാഗം, ENT വിഭാഗം, പഞ്ചകർമ്മ വിഭാഗം, സിദ്ധ വിഭാഗം, സ്ത്രീരോഗ വിഭാഗം, പ്രകൃതി ചികിത്സ വിഭാഗം എന്നിവയും പ്രവർത്തിച്ചു വരുന്നു. മർമ്മ ചികിത്സ വിഭാഗത്തിൽ അർശ്ശസ്, ഫിസ്റ്റുല, ഫിഷർ എന്നിവയ്ക്കുള്ള ക്ഷാരസൂത്ര ചികിത്സയും ലഭ്യമാണ്. ജീവിതശൈലി രോഗചികിത്സാ വിഭാഗത്തോടു ചേർന്ന് ഒരു ഷിജിം പ്രവർത്തിച്ചു വരുന്നു.

**കാഷ്വാലിറ്റി :-**

ഡിപ്പാർട്ട്മെൻറ് നിയമപ്രകാരം 4 ഡോക്ടർമാരും സ്ഥാപനത്തിൽ ഉണ്ടെങ്കിൽ കാഷ്വാലിറ്റി ഉച്ചയ്ക്ക് 2 മണി മുതൽ 8 വരെ പ്രവർത്തിക്കുന്നു.

**നൈറ്റ് ഡ്യൂട്ടി :-**

3 അതിൽകൂടുതലോ ഡോക്ടർമാർ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ ഡോക്ടർമാർ നൈറ്റ് ഡ്യൂട്ടിക്ക് സ്ഥാപനത്തിൽ ഉണ്ടാകും

**ഫിസിയോതെറാപ്പി :-**

എച്ച്. എം. സി നിയന്ത്രണത്തിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2വരെ പ്രവർത്തിച്ചു വരുന്നു.

**യോഗ യൂണിറ്റ് :-**

രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2വരെ പ്രവർത്തിച്ചു വരുന്നു.

**ക്ലിനിക്കൽ ലാബ് :-**

സ്ഥാപനത്തിൽ ഒരു ക്ലിനിക്കൽ ലാബ് പ്രവർത്തിച്ചു വരുന്നു. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 വരെയാണ് ലാബ് പ്രവർത്തിക്കുന്നത്. ISM ൻറെ ഒരു ലാബ് ടെക്നീഷ്യൻ പോസ്റ്റ് നിലവിലുണ്ട്. എച്ച്. എം. സിയിൽ നിന്ന് ഒരു ലാബ് അസിസ്റ്റൻറിനെ നിയമിച്ചിട്ടുണ്ട്. ഫീസ് നൽകിയുള്ള പരിശോധനയാണ് നിലവിലുള്ളത്. പരിശോധന ഫീസ് എച്ച്. എം. സി തീരുമാനിക്കും.

**മരുന്ന്:-**

ഒരു വർഷത്തേക്ക് 5 ലക്ഷം രൂപയുടെ മരുന്ന് ഡിപ്പാർട്ട്മെൻറ് ഔഷധി മുഖേന ഈ സ്ഥാപനത്തിൽ വിതരണം ചെയ്യുന്നത്. എന്നാൽ പ്രതിവർഷം ആവശ്യം പരിഗണിച്ച് ഔഷധങ്ങൾ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് തുക അനുവദിക്കുന്നത് മൂലം രോഗികൾക്ക് ആവശ്യാനുസരണം മരുന്ന് ലഭ്യമാണ്.

**ഭക്ഷണം :-**

രാവിലെ പ്രാതൽ, ഉച്ചയ്ക്കും രാത്രിയും കഞ്ഞി,ചെറുപയർകറി ഇവയാണ് ഇവിടെ നിന്നും രോഗികൾക്ക് നൽകുന്ന ഭക്ഷണം. എല്ലാ കിടപ്പുരോഗികൾക്കും ഭക്ഷണം നൽകുന്നു. കിടപ്പു രോഗികൾക്ക് കഴിക്കാനുള്ള മരുന്നിൻറെ നല്ലൊരു പങ്ക് ആശുപത്രിയിൽ നിന്ന് കൊടുക്കുവാൻ സാധിക്കുന്നു.

ബി.പി.എൽ കാർഡ് ഉടമകൾക്ക് ചികിത്സ തികച്ചും സൌജന്യമാണ്. എ.പി.എൽ കാർഡ് ഉടമൾക്ക് ഒരു ദിവസത്തേക്ക് ഭക്ഷണം മരുന്ന് ഇവയ്ക്കായി 50 രൂപയും, എൽ.പി. ജി ചെലവ് ഇനത്തിൽ 20 രൂപയും ആശുപത്രിയിൽ അടക്കണം. മാത്രമല്ല ആശുപത്രിയിൽ ചെയ്യുന്ന ചികിത്സകൾക്കും താഴെ പറയും പ്രകാരം ഫീസുകൾ നൽകുകയും വേണം.

| ക്രമ നമ്പർ | ഇനം | പുതുക്കിയ നിരക്ക് |
|---|---|---|
| 1 | പിഴിച്ചിൽ(സർവ്വാംഗം) 7 ദിവസം(5 ലിറ്റർ) | 330 |
| 2 | പിഴിച്ചിൽ(അർദ്ധാംഗം) 7 ദിവസം(3 ലിറ്റർ) | 240 |
| 3 | പിഴിച്ചിൽ(ഏകാംഗം) 7 ദിവസം(2 ലിറ്റർ) | 190 |
| 4 | ഞവരക്കിഴി (സർവ്വാംഗം) 7 ദിവസം | 330 |
| 5 | ഞവരക്കിഴി (അർദ്ധാംഗം) 7 ദിവസം | 240 |
| 6 | ഞവരക്കിഴി (ഏകാംഗം) 7 ദിവസം | 190 |
| 7 | ഞവരക്കിഴി (സർവ്വാംഗം)<br>If rice is supplied by patient | 330 |
| 8 | ഞവരക്കിഴി (അർദ്ധാംഗം)<br>If rice is supplied by patient | 240 |
| 9 | ഞവരക്കിഴി (ഏകാംഗം)<br>If rice is supplied by patient | 190 |
| 10 | സ്നേഹപാനം 7 ദിവസം | 100 |
| 11 | ഷാഷ്ടിക പിണ്ഡസ്വേദം 7 ദിവസം | 330 |
| 12 | ഷാഷ്ടിക പിണ്ഡസ്വേദം 7 ദിവസം (without Rice) | 330 |
| 13 | മാഷം ¼ ഗോധുമ പിണ്ഡസ്വേദം 7 ദിവസം | 330 |
| 14 | പത്രപടോലസ്വേദം 9 (ഇലക്കിഴി ) 7 ദിവസം | 100 |

| | | |
|---|---|---|
| 15 | ജംബീരപിണ്ഡ സ്വേദം (നാരങ്ങക്കിഴി) 7 ദിവസം | 100 |
| 16 | പൂർണ്ണസ്വേദം 7 ദിവസം 9 ( പൊടിക്കിഴി) | 100 |
| 17 | ഊഷ്മസ്വേദം 7 ദിവസം | 100 |
| 18 | നാളീസ്വേദം 7 ദിവസം | 100 |
| 19 | ക്ഷീരധൂമം 7 ദിവസം | 100 |
| 20 | ക്ഷീരധാര 7 ദിവസം | 180 |
| 21 | ശിരോധാര വിത്ത് തളം<br>7 ദിവസം | 180 |
| 22 | ശിരോവസ്തി 7 ദിവസം | 180 |
| 23 | തക്രധാര 7 ദിവസം | 180 |
| 24 | പിഴിഞ്ഞുതടവൽ 7 ദിവസം | 135 |
| 25 | മുട്ടക്കിഴി 7 ദിവസം | 135 |
| 26 | നസ്യം 7 ദിവസം | 50 |
| 27 | തല പൊതിച്ചിൽ 7 ദിവസം | 50 |
| 28 | തർപ്പണം 7 ദിവസം | 100 |
| 29 | പുടപാകം 1 ദിവസം | 50 |
| 30 | സ്നേഹ വസ്തി 1 ദിവസം | 50 |
| 31 | മാത്രാവസ്തി 1 ദിവസം | 50 |
| 32 | നിരൂഹ വസ്തി 1 ദിവസം | 100 |
| 33 | വൈതരണവസ്തി 1 ദിവസം | 50 |
| 34 | കടീവസ്തി 7 ദിവസം | 135 |
| 35 | വമനം 1 ദിവസം | 100 |
| 36 | അവഗാഹസ്വേദം 7 ദിവസം | 100 |
| 37 | ക്ഷീരവസ്തി 1 ദിവസം | 50 |
| 38 | ധാന്യാമ്ലധാര 7 ദിവസം (സർവ്വാംഗം) | 330 |
| | ബി. (അർദ്ധാംഗം) | 240 |
| | സി. (ഏകാംഗം) | 165 |
| 39 | ക്ഷാരസൂത്രം | 50 per sitting |
| 40 | പ്രച്ഛാനം | 50 per sitting |
| 41 | ജളൂകാവചരണം | 50 per sitting |
| 42 | ഡ്രസ്സിംഗ് | 50 per sitting |
| 43 | ധൂമം 7 ദിവസം | 50 per sitting |
| 44 | ഹോസ്പിറ്റൽ സ്റ്റോപ്പേജ് | 50 per sitting |

# XVI സർക്കാർ ജില്ലാ ഹോമിയോ ആശുപത്രി

വിലാസം : പുതിയ കോട്ട, എൽ വി ടെമ്പിളിനു എതിർ വശം, കാഞ്ഞങ്ങാട് (പി ഒ), കാസറഗോഡ്– 671315

ഇ മെയിൽ : ghhkanhangad@kerala.gov.in

ഫോൺ നമ്പർ: 0467 2207902

പ്രവർത്തന സമയം : എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ( ഈവനിംഗ് എമർജൻസി ഒ പി ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 6 മണി വരെ)

**നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ**– ഒ പി ചികിത്സ, ഐ പി ചികിത്സ, പ്രതിരോധ ചികിത്സ, വിവിധ സ്പെഷ്യൽ ഒ പി കൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, പ്രാഥമിക ദ്വിതീയ സാന്ത്വന പരിചരണം.

**ആശുപത്രിയുടെ സ്ഥാനം** – കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 14–ാം വാർഡിലുള്ള പുതിയ കോട്ടയുടെ കിഴക്കേ മതിലിനോട് ചേർന്നാണ് ആശുപത്രി സ്ഥിതി ചെയ്യുന്നത്. കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥപനമാണിത്.

**ഭരണ നിർവഹണവും സംവിധാനവും**– ആശുപത്രിയുടെ ആകെ നിയന്ത്രണവും നടത്തിപ്പും ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. ഓഫീസ് കാര്യ നിർവഹണത്തിനു വേണ്ടി ഒരു എൽ ഡി ക്ലർക്കുമുണ്ട്

**നിലവിലുള്ള തസ്തികകൾ**

ആശുപത്രി സൂപ്രണ്ട് – 1
മെഡിക്കൽ ഓഫീസർ – 1
റസിഡന്റ് മെഡിക്കൽ ഓഫീസർ – 1
നേഴ്സ് –3
ഫാർമസിസ്റ്റ്– 1
ക്ലാർക്ക്– 1
ലാബ് ടെക്നീഷ്യൻ –1
ലാബ് അറ്റന്റർ – 1
നേഴ്സിംഗ് അസിസ്റ്റന്റ് – 2
ക്ലീനർ – 1
കുക്ക് – 1
പാർട്ട് ടൈം സ്വീപ്പർ – 1

നാഷണൽ ഹെൽത്ത് മിഷൻ (എൻ എച്ച് എം) മുഖേന ആശുപത്രിയിൽ രണ്ട് മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്.
നാഷണൽ ആയുഷ് മിഷൻ മുഖേന മെഡിക്കൽ ഓഫീസർമാർ, ഫാർമസിസ്റ്റ്, നഴ്സ്, അറ്റൻഡർ, മൾട്ടി പർപ്പസ് വർക്കർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്.

## ആശുപത്രിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

1. ഒ.പി. വിഭാഗം

പ്രവർത്തന സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ.
ഈ വിഭാഗത്തിൽ കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗികളെ ഡോക്ടർമാർ പരിശോധിച്ച് ഔഷധങ്ങൾ നൽകി വരുന്നു.

2. ഇൻ പേഷ്യന്റ് (ഐ പി) വിഭാഗം

25 കിടക്കകളാണ് ഈ ആശുപത്രിയ്ക്ക് അനുവദിച്ചിട്ടുള്ളത്. ഒ. പി. വിഭാഗത്തിൽ നിന്നും കിടത്തി ചികിത്സ വേണ്ടുന്ന രോഗികളെയും മറ്റ് ഡിസ്പെൻസറികളിൽ നിന്നും റഫർ ചെയ്യുന്ന രോഗികളെയുമാണ് ഈ വിഭാഗത്തിലേക്ക് പ്രവേശിപ്പിക്കുന്നത്. രാവിലെ 9 മണി മുതൽ 1 മണി വരെ ഡ്യൂട്ടി ഡോക്ടറുടെയും 1 മണി മുതൽ വൈകുന്നേരം 6 മണി വരെ റസിഡന്റ് മെഡിക്കൽ ഓഫീസറുടെയും സേവനം ഇവിടെ ലഭ്യമാണ്. കിടപ്പ് രോഗികൾക്ക് നിർദ്ദിഷ്ട ഭക്ഷണം സൗജന്യമായി നൽകുന്നു.

ക്ലിനിക്കൽ സേവനങ്ങൾ

- കിടത്തി ചികിത്സാ രജിസ്ട്രേഷൻ
- രോഗീ പരിശോധന
- രോഗ നിർണ്ണയം
- മരുന്ന് വിതരണം

അനുബന്ധ സേവനങ്ങൾ

- അനുബന്ധ പരിചരണം ( നെബുലൈസേഷൻ , ഇൻഫ്രാ റെഡ് തെറാപ്പി, ഫിസിയോ തെറാപ്പി)
- ലബോറട്ടറി സേവനങ്ങൾ
- ആഹാരക്രമം സംബന്ധിച്ച സേവനങ്ങൾ
- എല്ലാ ആശുപത്രികളിലും പുരുഷൻമാർക്കും സ്ത്രീകൾക്കും ശൗചാലയം, കുളിമുറി സൗകര്യങ്ങളോട് കൂടിയ പ്രത്യേകം പ്രത്യേകം വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്

3. സന്ദർശന സമയം-

രാവിലെ 7 മണി മുതൽ 8 മണി വരെ

ഉച്ചയ്ക്ക് 1 മണി മുതൽ 2 മണി വരെ

വൈകുന്നേരം 4 മണി മുതൽ 6 മണി വരെ

മറ്റ് സമയങ്ങളിൽ പ്രത്യേക അനുവാദത്തോട് കൂടിയും സന്ദർശകരെ അനുവദിക്കുന്നതാണ്

4.തുടർ ചികിത്സ( രോഗികൾക്കായുള്ള തുടർ ആരോഗ്യ പരിചരണം)

തുടർന്നുള്ള സന്ദർശനങ്ങളിലും രോഗികൾക്ക് തുടർച്ചയായ ആരോഗ്യ പരിചരണവും പിന്തുണയും നൽകുന്നു.
വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ഉന്നത കേന്ദ്രങ്ങളിലേക്കോ സീതാലയം, സദ്ഗമയ, ജനനി,ആയുഷ്മാൻ ഭവ ,തുടങ്ങിയ സ്പെഷ്യാലിറ്റി കേന്ദ്രങ്ങളിലേക്കോ ആവശ്യാനുസരണം റഫർ ചെയ്യുന്നതാണ്.

5.ഇതര സേവനങ്ങൾ

1) അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അംഗനവാടികൾ , വൃദ്ധ സദനങ്ങൾ. അനാഥ മന്ദിരങ്ങൾ, ഗോത്രവർഗ ഊരുകൾ, ലേബർ ക്യാംപുകൾ, പട്ടിക ജാതി കോളനികൾ തുടങ്ങിയ ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദശനം നടത്തുന്നു.
2) സാംക്രമിക രോഗങ്ങളും സാംക്രമികേതര രോഗങ്ങളും തടയുന്നതിനായി പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കുക
3) മെഡിക്കൽ ക്യാമ്പുകളും, പ്രതിരോധമെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.
4) ആരോഗ്യ ശുചിത്വ ബോധവത്കരണം നടത്തുന്നു
5) സർക്കാരിന്റെ വിവിധ പരിപാടികളും പ്രചാരണങ്ങളും നടത്തുന്നു.
6) സാന്ത്വന പരിചരണ ഗൃഹ സന്ദർശനം പാലിയേറ്റീവ് പരിചരണ പദ്ധതിയോടൊപ്പം നടത്തുന്നു.

6.സേവന ചുങ്കം (User's fee)–

ഇവിടെ നിന്ന് ലഭിക്കുന്ന സേവനങ്ങൾ പാവപ്പെട്ട രോഗികൾക്ക് (എ എ വൈ) പൂർണ്ണമായും സൗജന്യമാണ്. റേഷൻ കാർഡ് , വരുമാന സർട്ടിഫിക്കറ്റ് എന്നിവ വരുമാനം തെളിയിക്കാൻ സ്വീകരിക്കുന്നു. ആശുപത്രി വികസന സമിതി നിശ്ചയിച്ച പ്രകാരം നിർദ്ദിഷ്ട സേവനങ്ങൾക്ക് സേവന ചുങ്കം ഈടാക്കുന്നുണ്ട്. ഇത് പ്രകാരം ഒ.പി. പരിശോധനക്ക് എത്തുന്നവരിൽ നിന്ന് 10 രൂപ ഫീസ് ഈടാക്കുന്നുണ്ട്.

7.ചികിത്സാ സേവനങ്ങൾ–

സമഗ്ര ആരോഗ്യ പരിരക്ഷ (Comprehensive Health Care) സേവനം തേടിയെത്തുന്ന രോഗികൾക്ക് പരമാവധി ലഭ്യമാക്കുക എന്നതാണ് സേവന രീതി. രോഗ ചികിത്സയുടെ ( Curative care) കാര്യത്തിൽ ജലദോഷം മുതൽ ഏറ്റവും പുതിയ രോഗങ്ങളെ വരെ ഹോമിയോപ്പതിയുടെ അടിസ്ഥാന സിദ്ധാന്തം അനുസരിച്ച് പ്രകൃതിജന്യമായ ഏത് രോഗത്തിനും ചികിത്സ നിശ്ചയിക്കാൻ ആകുന്നതാണ്.
കാലികമായി പടർന്നുപിടിക്കാറുള്ള പകർച്ചപ്പനി, ഡങ്കിപ്പനി, എലിപ്പനി, ടൈഫോയിഡ്, അഞ്ചാം പനി, ചിക്കൻ പോക്സ്, കോളറ , മറ്റ് വയറിളക്ക രോഗങ്ങൾ, ചെങ്കണ്ണ് തുടങ്ങിയ പകർച്ചവ്യാധികൾക്ക് പ്രതിരോധ ഔഷധം നൽകി വരുന്നു. പ്രതിരോധ ഔഷധം നിശ്ചയിക്കുന്നത് ഹോമിയോപ്പതിയുടെ സിദ്ധാന്തത്തിനും രീതി ശാസ്ത്രത്തിനും അനുസരിച്ചാണ്.
റഫറൽ സേവനങ്ങൾ

8. സർട്ടിഫിക്കറ്റ് നൽകൽ–

ഈ സ്ഥാപനത്തിൽ നിന്ന് ചികിത്സ തേടിയവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ എന്നീ സേവനങ്ങൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാണ് .

1) മെഡിക്കൽ സർട്ടിഫിക്കറ്റോ ആരോഗ്യ സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകളോ ആവശ്യമുള്ള രോഗികൾ അതിനായുള്ള അപേക്ഷ നേരിട്ട് നിർദ്ദിഷ്ട മാതൃകയിൽ ഒ. പി. ചികിത്സാ വിഭാഗത്തിലെയോ കിടത്തി ചികിത്സാ വിഭാഗത്തിലെയോ രജിസ്റ്റർ ചെയ്ത വിശദാംശങ്ങളോടും തിരിച്ചറിയൽ രേഖയോടുമൊപ്പം മെഡിക്കൽ ഓഫീസർ ചീഫ് മെഡിക്കൽ ഓഫീസർ ആശുപത്രി സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്
2) മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും അതത് സ്ഥാപനത്തിലെ ഒ പി വിഭാഗത്തിലോ ഐ പി വിഭാഗത്തിലോ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് മാത്രമേ നൽകുകയുള്ളൂ
3) സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈടാക്കുന്നതാണ്.
4) രോഗികൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള സമയം പ്രദർശിപ്പിച്ചിട്ടുണ്ട്.
5) സർട്ടിഫിക്കറ്റുകൾ നൽകൽ , സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ എന്നിവയുൾപ്പെടെ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇതര സേവനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്.

9.ആരോഗ്യ വിദ്യാഭ്യാസവും ബോധവത്കരണവും-

സന്നദ്ധ സംഘടനകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ആരോഗ്യ വിദ്യാഭ്യാസത്തെ കുറിച്ച് പൊതുവിലും ഹോമിയോപ്പതിയെക്കുറിച്ച് വിവിധ തരം പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**ലബോറട്ടറി സേവനങ്ങൾ**

പ്രവർത്തന സമയം – രാവിലെ 8.30 മണി മുതൽ ഉച്ചയ്ക്ക് 1.30 മണി വരെ

രക്തം, മൂത്രം എന്നിവ പരിശോധിക്കുന്നു. എ എ വൈ വിഭാഗത്തിൽ പെടുന്നവർക്ക് ഇവിടുത്തെ സേവനം സൗജന്യമാണ്. എ.പി.എൽ., ബി പി എൽ വിഭാഗത്തിൽ പെടുന്നവർക്ക് താഴെ പറയും പ്രകാരമുള്ള സേവന ചുങ്കം ഈടാക്കുന്നു.

| S No. | Test | APL | BPL | AAY |
|---|---|---|---|---|
| 1 | Blood sugar | 15 | 10 | 0 |
| 2 | Lipid profile | 200 | 100 | 0 |
| 3 | Cholesterol | 25 | 15 | 0 |
| 4 | Blood Urea | 50 | 25 | 0 |
| 5 | Creatinine | 30 | 15 | 0 |
| 6 | Uric acid | 30 | 15 | 0 |

| | | | | |
|---|---|---|---|---|
| 7 | Blood R/E | 40 | 20 | 0 |
| 8 | Hb | 10 | 10 | 0 |
| 9 | ESR | 10 | 10 | 0 |
| 10 | RA | 60 | 25 | 0 |
| 11 | ASO | 60 | 25 | 0 |
| 12 | Urine R/E | 25 | 10 | 0 |
| 13 | HbA1C | 200 | 100 | 0 |
| 14 | Calcium | 20 | 10 | 0 |
| 15 | Pregnancy test | 40 | 20 | 0 |
| 16 | Complete blood count | 75 | 30 | 0 |
| 17 | Serum platelet | 20 | 10 | 0 |
| 18 | Blood grouping | 30 | 10 | 0 |
| | Bilirubin | 50 | 20 | 0 |
| | Total protein | 25 | 10 | |
| | Albumin | 25 | 10 | |
| 19 | SGOT | 50 | 25 | 0 |
| 20 | SGPT | 50 | 25 | 0 |
| 21 | RFT | 110 | 50 | 0 |
| 22 | LFT | 230 | 100 | 0 |
| 23 | Dengue IgM | 180 | 100 | 0 |
| 24 | ECG | 50 | 25 | 0 |

## ഹോമിയോപ്പതി വകുപ്പിലെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാ പദ്ധതികൾ

### കൗമാര ആരോഗ്യപരിചരണ പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി- (സദ്ഗമയ)

ഹോമിയോപ്പതി വകുപ്പ് കൗമാര ആരോഗ്യപരിചരണത്തിനായിആവിഷ്കരിച്ച പദ്ധതിയാണ് സദ്ഗമയ . 19 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, പെരുമാറ്റ വളർച്ച പഠന വൈകല്യങ്ങൾ എന്നിവയിൽ പ്രത്യേകം ശ്രദ്ധയൂന്നിക്കൊണ്ട് അവരെ ശാരീരിക മാനസിക വൈകാരിക സാമൂഹിക ക്ഷേമം കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ ജില്ലയിലും ഓരോ സദ്ഗമയ കേന്ദ്രമുണ്ട്. ഇവ റഫറൽ കേന്ദ്രങ്ങളാണ്. ഇവിടെ ഒരു വിദഗ്ധ ഡോക്ടറെ കൂടാതെ സ്പെഷ്യൽ എഡ്യുക്കേറ്ററിന്റെയും ആശുപത്രിയിലെ സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാണ്.

### വനിതാ ആരോഗ്യ സുരക്ഷാ-സാന്ത്വന പദ്ധതി (സീതാലയം)

സ്ത്രീകളുടെ മാനസിക ശാരീരിക വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിനും അവർക്കു നേരിടേണ്ടി വരുന്ന പീഡനങ്ങൾക്ക് പരിഹാരമാർഗം നിർദ്ദേശിക്കുന്നതിനും ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച സ്പെഷ്യൽ ക്ലിനിക്കാണ് സീതാലയം. മെഡിക്കൽ സേവനങ്ങൾ, കുടുംബ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കൗൺസിലിംഗ്, നിയമ അവബോധം, പുനരധിവസിക്കപ്പെട്ട സ്ത്രീകളെ മുഖ്യധാരയിലേക്ക് നയിക്കുക എന്നീ സേവനങ്ങൾ സീതാലയം ലഭ്യമാക്കുന്നു.

## ലഹരി വിമുക്ത പദ്ധതി (പുനർജ്ജനി)

2012 ൽ സീതാലയത്തിനു കീഴിൽ ആരംഭിച്ച ലഹരി വിമുക്തി ക്ലിനിക്ക് ആണ് പുനർജ്ജനി. മദ്യം , പുകയില, മയക്കു മരുന്നുകൾ തുടങ്ങിയ ലഹരി വസ്തുക്കളുടെ പിടിയിൽ നിന്നും മുക്തി നേടുന്നതിനുള്ള ഫലപ്രദവും ആദായകരവുമായ ചികിത്സാ പദ്ധതിയാണിത്. ഹോമിയോ മരുന്നുകൾക്ക് പുറമേ രോഗിക്കും കുടുംബാംഗങ്ങൾക്കും ( ആവശ്യമുണ്ടെങ്കിൽ) കൗൺസിലിംഗ് , യോഗപരിശീലനം തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

## ആധുനിക ജീവിത ശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക്ക് ചികിത്സാ കേന്ദ്രങ്ങൾ
## (ആയുഷ്മാൻ ഭവ)

ഹോമിയോപ്പതി ചികിത്സയ്ക്കൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ജീവിത ശൈലി രോഗങ്ങളായ പ്രമേഹം , രക്ത സമ്മർദ്ദം കൊളസ്ട്രോൾ, പക്ഷാഘാതം ക്യാൻസർ തുടങ്ങിയവയ്ക്കുള്ള ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ആയുഷ്മാൻ ഭവ. യോഗ ക്ലാസ്സുകൾ വളരെ നല്ല രീതിയിൽ സംഘടിപ്പിച്ചു വരുന്നു.

## പാലിയേറ്റീവ് പരിചരണ പദ്ധതി/ കാരുണ്യ പദ്ധതി

ഗുരുതര രോഗങ്ങൾ, വാർദ്ധക്യ കാലത്തെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയാൽ കിടപ്പിലായ രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ ചികിത്സയും സാന്ത്വനവും ലഭ്യമാക്കുകയും അതു വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ലക്ഷ്യം. ഡിസ്പെൻസറി എ.പി.എച്ച്.സി. അടിസ്ഥാനമായുള്ള പ്രൈമറി പാലിയേറ്റീവ് കെയർ വഴി ഹോം വിസിറ്റുകൾ നടത്തിവരുന്നു. ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന സെക്കന്ററി സെന്ററുകളിൽ ഒ പി ( ആഴ്ചയിൽ ഒരു ദിവസം) ,കിടത്തി ചികിത്സ (ഐ.പി), ഹോം വിസിറ്റുകൾ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നു.

## വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ജനനി)

വന്ധ്യതാ നിവാരണ ചികിത്സയ്ക്കായുള്ള ഹോമിയോപ്പതി വകുപ്പിന്റെ പദ്ധതിയാണ് ജനനി. സാധാരണ ജനങ്ങൾക്ക് ഫലപ്രദമായ വന്ധ്യതാ ചികിത്സ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## അസ്ഥിരോഗ ചികിത്സ (NPPMOMD)

അസ്ഥിരോഗ ചികിത്സക്കായി നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കുന്ന പദ്ധതി സന്ധി വേദനകൾക്ക് പരിഹാരം നൽകുന്നു. എല്ല് തേയ്മാനവും അസ്ഥി സംബന്ധമായ രോഗങ്ങളുമായി ബന്ധപ്പെട്ട ദേശീയ പ്രോഗ്രാം. ഇതിലൂടെ മുട്ട് വേദന ,പേശി വേദന ,നടു വേദന, കഴുത്ത് വേദന, സന്ധികളിലെ നീർക്കെട്ട് ,ഉളുക്ക്, ഗൗട്ട്, സന്ധി വാതം, ആമവാതം, എന്നിവയ്ക്ക് ചികിത്സ ലഭ്യമാക്കുന്നു.

## ഫിസിയോതെറാപ്പി യൂണിറ്റ്

നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ആരംഭിച്ച ഫിസിയോതെറാപ്പി യൂണിറ്റ് അസ്ഥിരോഗങ്ങൾ, സ്ട്രോക്ക് എന്നിവയ്ക്ക് മിതമായ നിരക്കിൽ ചികിത്സ നൽകി വരുന്നു.

പരാതി പരിഹാര വേദി

നോഡൽ ഓഫീസർ- ആശുപത്രി സൂപ്രണ്ട്

ഫോൺ -

ഈ ആശുപത്രിയിൽ നിന്നും ലഭിച്ച സേവനത്തിനുള്ള സേവന നിഷേധമോ ജീവനക്കാരുടെ പെരുമാറ്റമോ സംബന്ധിച്ചുള്ള പരാതികൾ നേരിട്ടോ രേഖാമൂലമോ അറിയിക്കാവുന്നതാണ്. എല്ലാ ദിവസവും ഉച്ചയ്ക്ക് 1 മണിക്ക് സൂപ്രണ്ടിനെ ഈ ആവശ്യത്തിലേക്കായി സന്ദർശിക്കാവുന്നതാണ്. എല്ലാ വാർഡുകളിലും പരാതി പുസ്തകം (Complaint Register) ലഭ്യമാണ്. ഒ.പി.വിഭാഗത്തിൽ പരാതിപ്പെട്ടി ( Complaint box) സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പരാതികൾക്കും 10 ദിവസത്തിനകം ഉചിതമായ മറുപടി നൽകുന്നതാണ്. മറുപടി തൃപ്തികരമല്ലെങ്കിൽ ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ സമീപിക്കാവുന്നതാണ്.

വിലാസം : ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ)
കാഞ്ഞങ്ങാട്-671315
കാസറഗോഡ് ജില്ല
ഫോൺ നം. 04672206886

പൊതുജനങ്ങളുടെ ഉത്തരവാദിത്വങ്ങൾ

ദിനം പ്രതി ഏകദേശം 200 ൽ അധികം ഒ പി രോഗികൾക്കും കിടപ്പ് രോഗികൾക്കും ഈ ആശുപത്രിയിൽ നിന്നും സേവനം നൽകുന്നു എന്ന് രോഗികളും ബന്ധുക്കളും മനസ്സിലാക്കേണ്ടതാണ്. അധിക ഭാരം പേറുമ്പോഴുണ്ടാവുന്ന സ്വാഭാവിക വീഴ്ച്ചകളെ തുറന്ന മനസ്സോടെ സമീപിക്കാനും സ്ഥാപനത്തിന്റെ പലതരത്തിലുള്ള പരിമിതികളെ മുൻവിധിയില്ലാതെ ഉൾക്കൊള്ളാനും തയ്യാറാകണം.